എന്നാൽ ഈ തുക സാധാരണയായി പണമായി നൽകാറില്ല. പകരം ബോർഡ് സർക്കാരിന് നൽകാനുള്ള തുകയിൽ തട്ടിക്കഴിക്കാറാണ് പതിവ്. പദ്ധതിപ്രവർത്തനങ്ങൾക്കായി ഓരോ വർഷവും ബോർഡ് ചെലവഴിച്ച തുക താഴെ പറയുന്നു.

1996-97 - 450.72 കോടി രൂപ

1997-98 - 495.38 കോടി രൂപ

1998-99 - 666.41 കോടി രൂപ

(സി)&(ഡി) വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

51 (1893) വൈദ്യുതി ബോർഡിന്റെ സാമ്പത്തികനില

ശ്രീ. ബി. വിജയകുമാർ :

ശ്രീ. കെ.സി വേണുഗോപാൽ :

ഡോ. എം.എ. കുട്ടപ്പൻ :

ശ്രീ. ഇ.എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1991 മുതൽ 1996 വരെ വൈദ്യുതി ബോർഡ് ഏതെല്ലാം വർഷങ്ങളിൽ ലാഭത്തിൽ പ്രവർത്തിച്ചു;

(ബി) 1999 മാർച്ച് 31-ാം തീയതിയിലെ കണക്കനുസരിച്ച് ബോർഡിന്റെ സാമ്പത്തികനില മെച്ചമായിരുന്നോ;

(സി) എങ്കിൽ വിശദാശം നൽകുമോ;

(ഡി) ഇപ്പോൾ ബോർഡിന്റെ സാമ്പത്തികനില മോശമാണോ; എങ്കിൽ കാരണം വെളിപ്പെടുത്തുമോ?

ഉത്തരം

(എ)-(ഡി) 1991 മുതൽ 1996 വരെയുള്ള കാലയളവിൽ ബോർഡിന്റെ വാർഷിക കണക്കനുസരിച്ച് 1991-92 വർഷം ഒഴിച്ച് 1995-96 വരെ ലാഭത്തിലാണ് പ്രവർത്തിച്ചത്. ഏതെങ്കിലും വർഷത്തിൽ ബോർഡിന് 3 ശതമാനം റേറ്റ് ഓഫ് റിട്ടേൺ ആർജ്ജിക്കാൻ കഴിഞ്ഞില്ലെങ്കിൽ ആ മൂന്നുശതമാനം നിലനിറുത്തുന്നതിലേക്കായി സർക്കാർ സബ്സിഡി നൽകണമെന്ന് വ്യവസ്ഥയുണ്ട്. ഇപ്രകാരം സർക്കാർ നൽകേണ്ട സബ്സിഡികൂടി കണക്കിലെടുത്താണ് ബോർഡ് മേൽപ്പറഞ്ഞ ലാഭം കാണിച്ചിരിക്കുന്നത്. 16.8.95-ലെ സർക്കാർ ഉത്തരവുപ്രകാരം ഓരോ വർഷവും ഇപ്രകാരം സർക്കാർ സബ്സിഡി ബോർഡിന്റെ വാർഷിക കണക്കിലും വാർഷിക പ്ലാനിലും ഉൾപ്പെടുത്തുന്നുണ്ട്. വൈദ്യുതിയുടെ ഇപ്പോഴത്തെ കൂടിയ ഉല്പാദനച്ചെലവും, പുറമേനിന്നു വാങ്ങുന്ന വൈദ്യുതിയുടെ വിലകൂടുതലും, ഇപ്രകാരമുള്ള വൈദ്യുതി മൊത്തത്തിലുള്ള ഉല്പാദനച്ചെലവിനേക്കാൾ കുറഞ്ഞ വിലയ്ക്കു വിൽക്കുന്നതുകൊണ്ടുള്ള നഷ്ടംകൊണ്ടാണ് ബോർഡിന് സാമ്പത്തിക ബുദ്ധിമുട്ട് നേരിടേണ്ടിവരുന്നത്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly